സർട്ടിഫിക്കറ്റുകൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണെന്നുള്ളത് ജനങ്ങൾക്ക് വെബ്സൈറ്റ് ഉപയോഗിക്കുന്നതിന് പ്രചോദനമാണ്. വെബ്സൈറ്റ്, ഇന്റർനെറ്റ് തുടങ്ങിയവ ഉപയോഗിക്കുന്നതിന് സാധാരണക്കാരന് അറിവ് നൽകുവാൻ സർക്കാരിന്റെ പദ്ധതിയായ 'അക്ഷയ'-യിൽ സംവിധാനമുണ്ട്. അക്ഷയ പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്.

(സി) ഇൻഫർമേഷൻ ടെക്നോളജിയുടെ വ്യാപനം, കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ പ്രധാനപ്പെട്ട മേഖലകളിലും സാധ്യമായി കഴിഞ്ഞു. ജനങ്ങൾക്ക് അപ്രാപ്യമായിരുന്ന കാതലായ വിവരങ്ങൾ കയ്യെത്തും ദൂരത്തിനുള്ളിൽ ലഭ്യമാകുന്നു എന്നതാണ് ഇതിന്റെ നേട്ടം. ഇതിന് പുറമെ ജനങ്ങൾക്ക് സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ വേഗതയിലും കൂടുതൽ വ്യക്തമായും ലഭ്യമാകുന്നതിനും ഐ.ടി. വ്യാപനം സഹായിക്കുന്നു.

(ഡി) ഇന്ത്യയിൽ പൊതുവായും കേരളത്തിൽ പ്രത്യേകിച്ചും സുലഭമായ മനുഷ്യ വിഭവശേഷി ഐ.ടി. രംഗത്ത് ഗുണമേന്മയേറിയതും എന്നാൽ ചെലവു കുറഞ്ഞതുമാകയാൽ ലോകതലത്തിൽ ഇതിനോടകം അംഗീകാരം നേടി കഴിഞ്ഞു. ഈ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തി പല സംസ്ഥാനങ്ങളും ഐ.ടി. രംഗത്ത് വൻകുതിച്ചുചാട്ടം നടത്തുകയും കയറ്റുമതി രംഗത്ത് മുൻപന്തിയിലെത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികം, പ്രതിരോധം തുടങ്ങി വിവിധ മേഖലകളുടെ വളർച്ചയ്ക്കും ഐ.ടി.-യുടെ സഹായം ഇന്ത്യയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

ഐ.ടി. മിഷനിലെ നിയമനങ്ങൾ

63 [2190] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മിഷനിലെ നിയമനങ്ങൾക്ക് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ നിയമനങ്ങൾക്ക് സംവരണതത്വം പാലിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഐ.ടി. വകുപ്പിന് സാങ്കേതികമായ വിദഗ്ദ്ധോപദേശം നൽകുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ. ഐ.ടി. മിഷനിലെ വിവിധ തസ്തികകളിൽ സാങ്കേതികമായ വൈദഗ്ദ്ധ്യം ആർജ്ജിച്ചിട്ടുള്ള വരെയാണ് നിയമിക്കുന്നത്. ഐ.ടി.-യിൽ ഉയർന്ന ബിരുദം/സാങ്കേതിക വൈദഗ്ദ്ധ്യം/പരിചയം എന്നിവയാണ് നിയമനത്തിനുള്ള മാനദണ്ഡം. കരാർ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത തസ്തികകളിലെ നിയമനങ്ങൾക്ക് സംവരണതത്വം പാലിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly